കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി/10/77/2017

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്,
ജില്ലാ ഓഡിറ്റ്
കാര്യാലയം,
കാസറഗോഡ് ജില്ല

തീയതി.30.01.2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈസ്റ്റ്എളേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ്

വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-10/77/2017 തിയ്യതി:30.01.2017

## കാസറഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 31-12-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5- എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 5.01.2017 മുതൽ 10.01.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ (7-01-17 മുതൽ) |
| | ലോകേഷ് ആചാരി . ബി. | ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സുനിൽ കുമാർ. എം | സീനിയർഗ്രേഡ് ഓഡിറ്റർ |
| | കെ.സി.കുഞ്ഞികൃഷ്ണൻ | സീനിയർഗ്രേഡ് ഓഡിറ്റർ |
| | എം.ബാബു | സീനിയർഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജയിംസ് പന്തമ്മാക്കൽ | 01.04.2015മുതൽ31.10.2015വരെ |
| | ശ്രീമതി.ഫിലോമിന ജോണി | 19.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ.പി.കെ ചന്ദ്രശേഖരൻ | 01.04.2015മുതൽ 29.2.2016വരെ |
| | ശ്രീമതി.എസ്.എം.കൗസല്ല്യ (ഇൻ ചാർജ്ജ്) | 01.03.2016മുതൽ 31.3.2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | എസ്.എം.കൗസല്ല്യ | 01.04.2015മുതൽ 31.03.2016വരെ |
| അസി.എഞ്ചിനിയർ | മോഹനൻ.പി.വി | 01.04.2015മുതൽ 11.05.2015വരെ |
| കൃഷി ഓഫീസർ | അതുൽ.ബി.മണപ്പാടൻ | 01.04.2015മുതൽ 23.04.2015വരെ |

| | | |
|---|---|---|
| | സുചിത.പി.എസ് | 24.04.2015മുതൽ 06.07.2015വരെ |
| | അതുൽ.ബി.മണപ്പാടൻ | 07.07.2015മുതൽ 02.08.2015വരെ |
| | സുചിത.പി.എസ് | 03.08.2015മുതൽ 15.03.2016വരെ |
| | വിനോദിനി.എ | 15.03.2016മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | മേഴ്സി ജോൺ | 01.04.2015മുതൽ 29.12.2015വരെ |
| | ശിഖ മാർവ്വിൻ | 30.12.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ | കെ.ജി.ബിജു കുമാർ | 01.04.2015മുതൽ 31.03.2016വരെ |
| ഹെഡ്മാസ്റ്റർ (GLPS കണ്ണിവയൽ) | ഏ.വി.ഗോപാലകൃഷ്ണൻ | 01.04.2015മുതൽ 31.03.2016വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സി.ഡി.ജോസ് | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, ആയ്യൂർവേദം | ഡോ.പി.കെ അബ്ദുൾ മുനീർ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽഓഫീസർ, അലോപ്പതി | ഡോ.രാമൻ സ്വാതി വാമൻ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽഓഫീസർ, ഹോമിയോ | ഡോ.രാജേഷ് കുമാർ.കെ.പി | 01.04.2015മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം 2 - വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 1 | കെട്ടിടനിർമാണ പെർമിറ്റ് അനുവദിക്കുമ്പോൾ അധിക ഫീസ് ഈടാക്കിയില്ല | 2-1 |

| | | |
|---|---|---|
| 2 | കെട്ടിട നിർമാണ അനുമതി രജിസ്റ്റർ-അപാകതകൾ | 2-2 |
| 3 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-ജീവനക്കാർ | 2-3 |
| 4 | CBSE സ്കൂളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-4 |
| ഭാഗം 3-ചെലവിനങ്ങളിൻമേലുളള ഓഡിറ്റ് പരാമർശങ്ങൾ | | |
| 1 | തനതു ഫണ്ട് വകയിരുത്തിയ പദ്ധതികൾ-സർക്കാർ മാർഗനിർദേശം പാലിക്കുന്നില്ല | 3-1 |
| 2 | അസാധാരണ ചെലവു രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-2 |
| 3 | പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭിച്ചത് ഭാഗികമായി മാത്രം | 3-3 |
| 4 | നടപ്പിലാക്കാത്ത പ്രവൃത്തിക്ക് പണം നൽകി നഷ്ടം | 3-4 |
| 5 | Aluminium corrugated sheet ന പകരം ജി ഐ ഷീറ്റ് ഉപയോഗിച്ചു | 3-5 |
| 6 | മരാമത്ത് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 3-6 |
| 7 | പിൻവലിച്ച തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 3-7 |
| 8 | MGNREGA- തെങ്ങിന് തടമെടുക്കൽ-എസ്റ്റിമേറ്റ് തെറ്റ്- നഷ്ടം | 3-8 |
| 9 | ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ വീഴ്ച | 3-9 |
| ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനം | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |


അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23-03-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 49/15 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 1,05,58,397 |
| വരവ് | 16,00,32,819 |
| ആകെ | 17,05,91,216 |
| ചെലവ് | 16,15,82,950 |
| നീക്കിയിരിപ്പ് | 90,08,266 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 31-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 9-01-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു .

1)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2)കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ

എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ,ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

4)സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി11. ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-2016 |
|---|---|
| മുന്നിരിപ്പ് | 4,06,44,645 |
| വരവ് | 5,38,95,097 |
| ആകെ | 9,45,39,742 |
| ചെലവ് | 6,75,00,477 |
| നീക്കിയിരിപ്പ് | 2,70,39,265 |

(രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കാണ് മേൽ ചേർത്തിട്ടുള്ളത്.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 9,29,618 | 64,02,651 | + 33,36,159 | 1,06,68,428 | 1,06,68,428 | - |
| വികസനഫണ്ട് എസ്.സി.പി. | 20,01,065 | 38,85,180 | (-)15,01,065 | 43,85,180 | 43,85,180 | - |
| വികസനഫണ്ട് ടി.എസ്.പി. | 2,22,338 | 2,04,350 | 0 | 4,26,688 | 4,26,688 | - |
| സംരക്ഷണഗ്രാന്റ് റോഡ് | 1,42,651 | 1,09,79,740 | - | 1,11,22,391 | 1,11,22,391 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 16,66,169 | 28,57,115 | - | 45,23,284 | 45,23,284 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15,71,894 | 66,65,771 | (-)18,35,094 | 64,02,571 | 64,02,571 | - |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 38,72,000 | 0 | 0 | 38,72,000 | 38,72,000 | - |
| ബി. ഫണ്ട് | 0 | 1,77,47,540 | 0 | 1,77,47,540 | 1,77,47,540 | - |
| MGNREGA | 80,926 | 2,33,64,815 | 0 | 2,34,45,741 | 2,34,27,018 | 18,723 |

(* (GO(P) No.419/2015/Fin Dt.19-09-2015).

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 161 | 148 | 3 | 13 | 98 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 19 | 67,45,562 | 17 | 64,81,754 | 96.08 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 90 | 6,29,89,403 | 85 | 3,44,28,737 | 54.65 |
| 4 | കൃഷി ഓഫീസർ. | 6 | 7,68,196 | 6 | 7,68,196 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 7 | 71,16,210 | 4 | 3,90,000 | 5.48 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 3 | 22,18,700 | 3 | 16,28,720 | 73.40 |
| 7 | വെറ്റിനറി സർജ്ജൻ | 6 | 26,84,850 | 6 | 26,83,654 | 99.99 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 5 | 15,50,000 | 5 | 14,33,650 | 92.49 |
| 9 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം. | 1 | 3,50,000 | 1 | 3,50,000 | 100 |
| 10 | പ്രധാനാധ്യാപകൻ. | 11 | 28,24,060 | 11 | 26,76,409 | 94.77 |
| 11 | അസി.സെക്രട്ടറി | 12 | 53,45,000 | 9 | 40,06,000 | 74.94 |
| 12 | മെഡിക്കൽഓഫീസർ – ഹോമിയോ | 1 | 4,00,000 | 1 | 4,00,000 | 100 |
| | ആകെ | 161 | 9,29,91,981 | 148 | 5,52,47,120 | 59.41 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.08 % ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 39,89,543 | 40,38,985 | (+) 49,442 | (+) 1.23 |
| നികുതിയേതര വരവുകൾ | 4,31,475 | 4,14,499 | (-) 16,976 | (-) 3.93 |
| മറ്റുവരവുകൾ | 81,375 | 97,739 | (+) 16,364 | (+) 20 |

| | | | | |
|---|---|---|---|---|
| ആകെ | 45,02,393 | 45,51,223 | (-) 48,830 | (+) 1.08 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,54,380 | 87 |
| കർഷക തൊഴിലാളി പെൻഷൻ | 44,03,160 | 599 |
| വിധവാ പെൻഷൻ | 54,91,880 | 600 |
| വാർദ്ധക്യകാല പെൻഷൻ | 51,46,920 | 860 |
| വികലാംഗ പെൻഷൻ | 23,57,360 | 283 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,83,840 | 19 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | ഇല്ല | ഇല്ല |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-01-2017 ന് (2.30 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,492 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2016 മുതൽ 31.10.2016വരെ | 01.07.2016മുതൽ 30.09.2016വരെ | A-7848/16 31-10-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല | ഇല്ല | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ, ഈ കാലയളവിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിക്കുമ്പോൾ ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2) ടേബിൾ 2 അനുസരിച്ച്, വാണിജ്യ ആവശ്യങ്ങൾക്ക് ഉപയാഗിക്കുന്ന കെട്ടിടങ്ങളുടെ കൈവശാവകാശ ഗണം 'F' ആണ്. ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതം '1.75' ആണ്. അധികം വരുന്ന ഓരോ ചതുരശ്ര മീറ്ററിനും 500 രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി '2.25' വരെ തറ വിസ്തീർണ്ണാനുപാതം അനുവദിക്കാവുന്നതാണ്. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നിർമ്മിച്ച താഴെ വിവരിക്കുന്ന കെട്ടിടത്തിന് കംപ്ലീഷൻ നൽകുമ്പോൾ അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതത്തിലും ഉപരിയായി തറ വിസ്തീർണ്ണാനുപാതം അനുവദിച്ച് കൊണ്ട് നമ്പറിംഗ് അനുവദിച്ചതായി കാണുന്നു. എന്നാൽ, അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന തറ വിസ്തീർണ്ണാനുപാതം അനുവദിക്കുന്നതിന് ചട്ടങ്ങളിലെ പട്ടിക 2 കോളം 6 -ലെ അധിക ഫീസ് ഇടാക്കിയതായി കാണുന്നുമില്ല. വിശദ

വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | ഒ.ടി.തോമസ് |
| സർവ്വെ നം,വില്ലേജ് | 1/1A-ചിറ്റാരിക്കൽ |
| പെർമ്മിറ്റ് നം | 189/13-14, completion -21.09.15 |

കെട്ടിടത്തിന്റ അളവ്- കെട്ടിടത്തിന്റെ തരം - വാണിജ്യ കെട്ടിടം.

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ഫ്ലോർ ഏരിയ |
|---|---|
| BF(CELLAR) | 108.81 m2 |
| GF | 117.18 m2 |
| FF | 117.18 m2 |
| TERRACE F | 14.75 m2 |
| Total | 357.92 m2 |

കെട്ടിടത്തിൻറ തറ വിസ്തീർണ്ണാനുപാതം = 357.92/202=1.77

അനുവദനീയമായ തറ വിസ്തീർണ്ണാനുപാതം = 1.75 x 202= 353.5 m2

ഓരോ ചതുരശ്ര മീറ്ററിനും 500 രൂപ അധിക ഫീസ് ഇടാക്കി അനുവദിക്കാവുന്ന കെട്ടിട വിസ്തീർണ്ണം = 2.25 x 202 m2 =454.5m2 ആണ്. ഇവിടെ അധിക നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ അളവ് താഴെ കൊടുക്കുന്നു.

കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ – അനുവദനീയമായ തറ വിസ്തീർണാനുപാതം= 357.92 – 353.5 = 4.42 m2 (അധിക നിർമ്മാണം). അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് 2210/- രൂപ (4.42 x 500 = 2,210/-) ഉടമയിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. അയത് ഈടാക്കിയതായി കാണുന്നില്ല.(ഓഡിറ്റ് എൻക്വയറി നം.5 /10.01.2017) മേൽ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

2015-16 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകലുമായി ബന്ധപ്പെട്ട അപേക്ഷകൾ/ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ വരെയുള്ള വിവരങ്ങൾ കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്. 2015-16 വർഷത്തിൽ ആകെ 327 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. കെട്ടിട നിർമ്മാണ രജിസ്റ്ററിൽ സെക്രട്ടറി ഒരു അപേക്ഷയിൽ പോലും സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുമായി ബന്ധപ്പെട്ട ഏതാനും വിവരങ്ങൾ താഴെ ചേർക്കുന്നു

| | | |
|---|---|---|
| 1 | തീരുമാനങ്ങളൊന്നും രേഖപ്പെടുത്താത്ത അപേക്ഷകളുടെ എണ്ണം | 327 |

| | | |
|---|---|---|
| 2 | തറവിസ്തീർണ്ണം രേഖപ്പെടുത്താത്തവ | 23 |
| 3 | വിനിയോഗം, തറവിസ്തീർണ്ണം എന്നിവ രേഖപ്പെടുത്താതെ അപേക്ഷ നം, അപേക്ഷകന്റെ പേര് എന്നിവ മാത്രം രേഖപ്പെടുത്തിയവ (ക്രമ നം 2 കൂടാതെ) | 4 |

പല പേജുകളിലും തീരുമാനമെടുത്തത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല. അപേക്ഷ സ്വീകരിച്ചുവോ, നിരസിച്ചുവോ, പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ, പെർമിറ്റ് ഫീ, അപേക്ഷാ ഫീ ഈടാക്കിയതിന്റെ രശീതി നമ്പർ, പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും എല്ലാ അപേക്ഷകളുടെ കാര്യത്തിലും രേഖപ്പെടുത്തുന്നില്ല. ഇതു കാരണം പെർമിറ്റ് ഫീ ഈടാക്കിയതിന്റെ കൃത്യത, പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത എന്നിവ ഉറപ്പു വരുത്താൻ കഴിയുന്നില്ല. ചട്ടപ്രകാരമുള്ള സമയ പരിധിക്കകം പൂർത്തിയാക്കാത്ത കേസുകളിൽ ഇവയുടെ എക്സ്റ്റൻഷൻ, റിന്യൂവൽ എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകളും ഇല്ലാത്തതിനാൽ ഇവയുടെ കൃത്യതയും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി സൈറ്റ്/സർവ്വീസ് പ്ലാൻ അംഗീകരിക്കുകയോ, എതെങ്കിലും കാരണങ്ങളാൽ നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. രജിസ്റ്ററിൽ അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതീയതി, അന്വേഷണം കഴിഞ്ഞ് തിരികെ കൈപ്പറ്റുന്ന തീയതി എന്നിവയും രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ 'Number Issued ' എന്ന് രേഖപ്പെടുത്തിയ ഒരു കെട്ടിടവുമില്ല.

കൂടാതെ, അനധികൃത നിർമ്മാണ രജിസ്റ്റർ , റഗുലറൈസ്ഡ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-3 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നമ്പർ -3/10-01-2017 )

2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | ജോമൾ സജി,<br>പാലിയേറ്റീവ്കെയർനേഴ്സ്,<br>പി.എച്ച്.സി,ചിറ്റാരിക്കാൽ | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | മരിയ സബാസ്റ്റ്യൻ,<br>ഫിസിയോതെറാപിസ്റ്റ്,<br>പി.എച്ച്.സി.ചിറ്റാരിക്കാൽ | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | ഡോ.ജിറ്റ്സി.എ.ജി,<br>അമ്മആയൂർവ്വേദക്ലീനിക്ക്,<br>ചിറ്റാരിക്കാൽ | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്ത സാഹചര്യം വിശദീകരിക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി നമ്പർ 3/10-01-2017 പ്രകാരം സെക്രട്ടറിയോട്

ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട വ്യക്തികൾക്ക് നോട്ടീസ് അയച്ച് തൊഴിൽ നികുത് ഈടാക്കുന്നതായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.ആയതിനാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 സി.ബി.എസ്.ഇ. സ്കൂളിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതി കുറവ്.

( ഓഡിറ്റ് എൻക്വയറി നമ്പർ -3/10-01-2017 )

സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ അഫിലിയേഷൻ ബൈലോ, 1988 ലെ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂൾകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന വേതനവും, മറ്റു ആനുകൂല്യങ്ങളും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ സി.ബി.എസ്.ഇ.അഫിലിയേഷനോടുകൂടി പ്രവർത്തിച്ചു വരുന്ന സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ചിറ്റാരിക്കാൽ എന്ന സ്ഥാപനം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ അടിസ്ഥാന ശമ്പളം മാത്രമാണ് അർദ്ധവാർഷിക വരുമാന പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അടിസ്ഥാന ശമ്പളം തന്നെ വളരെ കുറവാണ്.ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിൽ സി.ബി.എസ്.ഇ-യുടെ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം നടക്കുന്നതായി സംശയിക്കുന്നു.ആയതിനാൽ ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. കൂടാതെ തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

16.11.2013ലെ (എം.എസ്)363/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7(iii) പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പുതുക്കിയ മാർഗ്ഗരേഖ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതികളിൽ തനത് ഫണ്ട് സ്രോതസ്സ് ഉൾപ്പെടുത്തേണ്ടത് എങ്ങിനെയെന്ന് വിശദീകരിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തനത്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, അനിവാര്യ-പൊതു ചുമതലകൾ തുടങ്ങിയവ നിറവേറ്റുന്നതിനായി തുക മാറ്റി വച്ചതിനു ശേഷം, മിച്ചമുള്ള തുക തനത് ഫണ്ട് സ്രോതസ്സായി പദ്ധതികൾക്കായി ഉൾപ്പെടുത്തണം. എന്നാൽ ഓഡിറ്റ് വർഷത്തിൽ പദ്ധതികൾക്കായി തനതു ഫണ്ടിൽ നിന്നും (മുന്നിരിപ്പ് ഉൾപ്പടെ) തുക വകയിരുത്തിയിട്ടുള്ളത് മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. 2013-14 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ തനത് ഫണ്ടിന്റേയും, 2015-16 വർഷത്തിൽ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് വകയിരുത്തി ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകൾ, ഐ.കെ.എം.പദ്ധതി ചെലവ് പത്രികകൾ, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരമാണ്)

തനത് ഫണ്ട് വരവ് 2013-14

| | |
|---|---|
| മുൻബാക്കി | 2,24,634 |
| നികുതി വരവുകൾ | 35,16,056 |
| നികുതിയേതര വരവുകൾ | 6,69,770 |
| പലിശ | 43,743 |

| | |
|---|---|
| ജനറൽ പർപ്പസ് ഫണ്ട് (മുന്നിരിപ്പ്) | 57,53,972 |
| ജനറൽ പർപ്പസ് ഫണ്ട് (തൻവർഷ വരവ്) | 60,49,373 |
| ആകെ വരവ് | 1,62,57,548 |

മുൻബാക്കിയിനത്തിൽ രേഖപ്പെടുത്തിയതിൽ പഞ്ചായത്തിന് ലഭിച്ച വിവിധയിനങ്ങളിലെ ഡപ്പോസിറ്റ് തുക, വിവിധ പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച തുക ഉൾപ്പെടുന്നവയാണ്. തനത് ഫണ്ടിനത്തിൽ എത്ര രൂപ പഞ്ചായത്തിന് നീക്കിയിരിപ്പുണ്ടെന്ന് രേഖകളിൽ നിന്നും ലഭ്യമല്ല.

| എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | ഭരണപരമായ ചെലവുകൾ | ഓപ്പറേഷൻ & മെയിന്റനനസ് | മറ്റ് ചെലവുകൾ | ആകെ |
|---|---|---|---|---|
| 16,42,855 | 6,37,673 | 5,71,301 | 61,56,364 | 90,08,193 |

പദ്ധതികൾക്കായി തനത് ഫണ്ട് വകയിരുത്തിയതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| 2015-16 വർഷം വകയിരുത്തിയ തുക | 2015-16 വർഷം ചെലവഴിച്ച തുക |
|---|---|
| 1,48,49,635 | 91,77,634 |

2013-14 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് തനത് ഫണ്ടിനത്തിൽ ലഭ്യമായ തുകയിൽ വികസനേതര എസ്റ്റാബ്ലിഷ്മെന്റ് കണ്ടിജന്റ് ചെലവുകൾ, അനിവാര്യ-പൊതു ചുമതലകൾ തുടങ്ങിയവ നിറവേറ്റുന്നതിനായി ചെലവഴിച്ചതിനു ശേഷം മിച്ചമുള്ള തുക 72,49,355/- (1,62,57,548-90,08,193) രൂപയാണ്. എന്നാൽ പദ്ധതികൾക്കായി തനതു ഫണ്ടിൽ നിന്നും വകയിരുത്തിയത് 1,48,49,635/- രൂപയാണ്. മാർഗ്ഗ രേഖയിലെ ഖണ്ഡിക 7(iv)പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ച തനത് ഫണ്ട് തുകയുടെ 10% ത്തിൽ അധികരിച്ച തുക (2013-14 വർഷത്തെ ആസ്പദമാക്കി) അടുത്ത സാമ്പത്തിക വർഷ പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കണം. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെയും, പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത പരിശോധിക്കാതെയും തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത്‌രാജ് (അസാധാരണചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെയും 1ലക്ഷത്തിൽ കവിയാതെയും ആയിരിക്കണം ചെലവുകൾ. അസാധാരണ ചെലവുകളുടെ പരിധി നിരീക്ഷിക്കുന്നതിന് ഇതു സംബന്ധിച്ച് ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-3 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ - ₹2,42,866രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകുവാൻ അവശേഷിക്കുന്നു.

Proj.No.38/16, Proj.No.39/16,എന്നിവ പ്രകാരം പി.എച്ച്.സി.യിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി ആകെ 6 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.മരുന്നുകൾ ഭാഗികമായി മാത്രമാണ് ലഭിച്ചിട്ടുള്ളത്.ലഭ്യമായ മരുന്നുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. അവശേഷിച്ച മരുന്നുകൾ എത്രയും വേഗം

ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രൊജക്ട് വിശദാംശം | ട്രഷറി ബിൽനം. തിയതി | പ്രൊഫോമ ഇൻവോയ്സ് നം തിയതി | ലഭ്യമായ മരുന്നിന്റെ മൂല്യം -ഇഷ്യൂ നോട്ട് നം& തിയതി |
|---|---|---|---|
| Proj.No.38/16 പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ | 5/19-03-16 ₹2,00,000<br>3/16-12-15₹3,00,000 | PRF 4378/<br>30-03-16 | 2265/30-07-16 ₹84,990<br>5658/20-12-16 ₹78,112 |
| | | PRF 1101/<br>06-11-15 | 534/26-04-16 ₹10,945 |
| | | | 3536/07-10-16₹43,922 |
| | | | 3539/07-10-16 ₹39,939 |
| | | | 3537/07-10-16 ₹31,540 |
| Proj.No.39/16 സാന്ത്വന പരിചരണം | 2/16-12-15<br>₹3,11,300 (ഇതിൽ 1,00,000രൂപ മരുന്നിനായി ചെലവഴിച്ചു ) | PRF 1014/<br>27-10-15 | 531/26-04-16 ₹16,495 |
| | | | 3440/04-10-16 ₹23,117 |
| | | | 3441/04-10-16 ₹28,074 |
| ആകെ | ₹ 6,00,000 | ആകെ | ₹3,57,134 |

## 3-4 നടപ്പിലാക്കാത്ത ഇനം പ്രവൃത്തികൾക്ക് തുക നൽകി- ആകെ 6306രൂപ നഷ്ടം

1.അറക്കത്തെട്ട് മൌവ്വേനി റോഡ് താറിംങ്

പ്രോജക്ട് നമ്പർ : 45/2016

അടങ്കൽ തുക : 45,000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ഭരണാനുമതി : 24/2015 dt.09-02-2015

സാങ്കേതികാനുമതി : AEE/LSGD/PBP/328/ dt.07-07-15

കരാർ നമ്പർ, തീയ്യതി : AE/LSGD/EEGP/15-16 dtd. 19-09-2015

ബിൽ നമ്പർ,തുക : 46/15-16/31-03-16 ₹2,99,156/-

അളവു പുസ്തകം : 337/2016 (1,22)

കരാറുകാരൻ : ലാൻസി . എൻ. കുര്യൻ

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 9 പ്രകാരം M3 ന് 203 രൂപ നിരക്കിൽ 18 M3 “berm cutting” എന്ന ഇനം പ്രവൃത്തി ചെയ്തതായി അളവ് പുസ്തകം പേജ് 1,22 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ഈയിനം പ്രവൃത്തി നടത്തിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഇനം പ്രവൃത്തിക്ക് ചെലവഴിച്ച 3654.54 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2.നല്ലോമ്പുഴ ഈസ്റ്റ് റോഡ് താറിംങ്

പ്രോജക്ട് നമ്പർ : 52/2016

അടങ്കൽ തുക : 4,00,000 രൂപ (തനത് ഫണ്ട്)

ഭരണാനുമതി : 24/2015 dt.09-02-2015

സാങ്കേതികാനുമതി : AEE/LSGD/PBP/332/ dt.07-07-15

കരാർ നമ്പർ, തീയ്യതി : 39/AE/LSGD/EEGP/15-16 dtd. 28-09-2015

ചെക്ക് നമ്പർ,തുക : TRY0620057/16-02-16/- 3,97,883 രൂപ

(ആകെ ചെക്ക് തുക 6,97,203 രൂപ)

അളവു പുസ്തകം : 368/2014-15 (6,7,27)

കരാറുകാരൻ : ടി.എം.ഉലഹന്നാൻ

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 10 പ്രകാരം M3 ന് 203 രൂപ നിരക്കിൽ 13.06 M3 "berm cutting" എന്ന ഇനം പ്രവൃത്തി ചെയ്തതായി അളവ് പുസ്തകം പേജ് 6,7,27 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ഈയിനം പ്രവൃത്തി നടത്തിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഇനം പ്രവൃത്തിക്ക് ചെലവഴിച്ച 2,651.57 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 അലുമിനിയം കൊറുഗേറ്റഡ് ഷീറ്റിന് പകരം പൌഡർ കോട്ടഡ് ജി.ഐ.ഷീറ്റ് (ട്രഫോർഡ്) ഉപയോഗിച്ചു.

പ്രവൃത്തിയുടെ പേര്: കണ്ണിവയൽ ഗവൺമെന്റ് ജി.യു.പി.സ്കൂളിന് ഓഡിറ്റോറിയം നിർമ്മാണം

പ്രോജക്ട് നമ്പർ : 68/2016

അടങ്കൽ തുക : 10,00,000 രൂപ

ബിൽ നമ്പർ,തീയ്യതി : 75/15-16 /31-03-16 തുക- 9,00,100 രൂപ

അളവു പുസ്തകം : 347/2015-16

കരാറുകാരൻ : എം.ജെ.കുര്യൻ

എസ്റ്റ്മേറ്റ് ഇനം 12,13 പ്രകാരം യഥാക്രമം197.79 M2 ,28.10 M2 അളവിൽ 4 mm കനമുള്ള അലുമിനിയം കൊറുഗേറ്റഡ് ഷീറ്റ് ഉപയോഗിച്ച് റൂഫിങ്ങ് നടത്താനാണ് വിഭാവനം ചെയ്തതും അതുപ്രകാരമുള്ള പ്രവൃത്തി നടത്തിയതായാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും. എന്നാൽ സ്ഥലപരിശോധനയിൽ പ്രസ്തുത പ്രവൃത്തിക്ക് പൌഡർ കോട്ടഡ്ട്രഫോൾഡ് ഷീറ്റാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് കണ്ടു. മെറ്റീര്യൽ മാറ്റിയതിന് എസ്റ്റിമേറ്റിൽ ഭേദഗതിയോ ഭരണസമിതി അംഗീകാരമോ സാങ്കേതികാനുമതിയോ ലഭ്യമാക്കിയിട്ടില്ല. മെഷർമെന്റും ചെക്ക്മെഷർമെന്റും നടത്തിയ അസിസ്റ്റന്റ് എഞ്ചിനിയറും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയറും ഇതേപ്പറ്റി അളവു പുസ്തകത്തിലോ മറ്റ് ഓഫീസ് കുറിപ്പുകളിലൂടയോ പരാമർശിച്ചിട്ടുമില്ല. പ്രവൃത്തി നിർവ്വഹണത്തിലെ ഇത്തരം അപാകങ്ങളെ കുറിച്ച് ആവശ്യമായ അന്വേഷണം നടത്തേണ്ടതാണ്.

## 3-6 മരാമത്ത് ഫയൽ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

താഴെ കൊടുത്ത മരാമത്ത് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് പേരും നമ്പരും | ഹാജരാക്കാത്തതിനുള്ള കാരണം |
|---|---|
| പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം144/16 | പ്രോജക്ട് റിവൈസ് ചെയ്യുന്നതിന് LSGD S.C ഓഫീസ് ,കോഴിക്കോട് സമർപ്പിച്ചതിനാൽ |
| പഞ്ചായത്ത് ഓഫീസ് ചുറ്റുമതിൽ നിർമ്മാണം140/16 | കാസർകോഡ് വിജിലൻസ് ഓഫീസ്സിൽ ഫയൽ പരിശോധനക്കായി സമർപ്പിച്ചതിനാൽ |
| പഞ്ചായത്ത് ഓഫീസ് ചുറ്റുമതിൽ നിർമ്മാണവും ഡ്രെയിനേജ് നിർമ്മാണവും104/16 | |

| | |
|---|---|
